ICFOSS
International Centre for
Free and Open Source Solutions

Govt. of Kerala

No.: ICFOSS/12/2018-JSA1 (IT)-Part(2)

തിരുവനന്തപുരം
21 ആഗസ്റ്റ് 2025

ശ്രീ ജയ്സെൻ എൻ. ഡി.,
നെടുമ്പാല, നന്മണ്ട പി. ഒ.,
കോഴിക്കോട്ട് - 673613
(സെക്രട്ടറി, പനങ്ങാടു് ഗ്രാമപഞ്ചായത്ത്,
നിർവ്വാഹക സമിതി അംഗം, സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്).

സാർ,

**വിഷയം:** യൂണിക്കോഡ് മലയാളം കമ്പ്യൂട്ടിങ് – പൂർണ്ണ എക്സ്റ്റെൻഡഡ് ഇൻസ്ക്രിപ്റ്റ്, റിമിങ്ടൺ കീബോർഡുകൾ സർക്കാർ, പൊതുമേഖലാ ഓഫീസുകളിൽ പ്രചരിപ്പിക്കുന്നതിനായി സോഫ്റ്റ്‌വെയർ പ്രോഗ്രാം പരിശോധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുന്നത് – സംബന്ധിച്ച്.

**സൂചന:** (1) പനങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 19-7-2025 ൽ ലഭിച്ച കത്ത് .

സൂചന (1) ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

പൂർണ്ണ കീബോർഡ് സോഫ്റ്റ്‌വെയറിന്റെ സാങ്കേതികവും പ്രവർത്തനപരവുമായ സവിശേഷതകളുടെ സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിലും, പ്രധാന ഫംഗ്ഷനുകളും അവയുടെ സംയോജനങ്ങളും സംബന്ധിച്ച് ബന്ധപ്പെട്ട സംഘത്തിന്റെ വിശദീകരണങ്ങളും പരിഗണിച്ചും, പൂർണ്ണ കീബോർഡ് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ മാനദണ്ഡങ്ങളും ആവശ്യകതകളും പൂർണ്ണമായും പാലിച്ചുകൊണ്ട് വികസിപ്പിച്ചെടുത്തതായി സ്ഥിരീകരിച്ചിരിക്കുന്നു.

പൂർണ്ണ കീബോർഡ് പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുയോജ്യമാണെന്ന് ഇതുവഴി സാക്ഷ്യപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

ഡോ. സുനിൽ റ്റി റ്റി
ഡയറക്ടർ